# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.411** 9/02/2016-ൽ മറുപടിക്ക്

## പുതിയ സെക്ഷൻ ഓഫീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിയ്ക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (എ) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി, അന്നമനട എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ ചാലക്കുടി, കൊരട്ടി, അന്നമനട എന്നീ സെക്ഷനുകൾ ഉൾപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ